**കേരളസർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ആഗസ്റ്റ്16**

**August16 2020**

**പത്രക്കുറിപ്പ്-1**

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

**ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിച്ചു**

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 13, 17, കുറ്റൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് എട്ട്, വാർഡ് ഒൻപതിൽ ഉൾപ്പെട്ട തൈമറവുംകര പ്രദേശം എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ക യ്ൻമെന്റ് സോൺ നിയന്ത്രണം ഓഗസ്റ്റ് 17 മുതൽ ഏഴു ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഉത്തരവായത്. (പിഎൻപി 3446/20)

**ക യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി**

പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് ഏഴ്, ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് ഒന്ന്, 11, കടമ്പനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 10, പ്രമാടം ഗ്രാമപഞ്ചായത്തിലെ വാർഡ് 11, എന്നീ സ്ഥലങ്ങളെ ഓഗസ്റ്റ് 17 മുതൽ ക യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ക യ്ൻമെന്റ് സോൺ നിയന്ത്രണം ഓഗസ്റ്റ് 16 ന് അവസാനിക്കുന്ന സാഹചര്യത്തിലും, ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഉത്തരവായത്. (പിഎൻപി 3447/20)

**സ്വാതന്ത്ര്യദിനം: ജില്ലാപോലീസ് ആസ്ഥാനത്ത് പതാക ഉയർത്തി**

സ്വാതന്ത്ര്യദിനത്തിൽ പത്തനംതിട്ട ജില്ലാപോലീസ് ആസ്ഥാനത്ത് ദേശീയ പതാക ഉയർത്തി. രാവിലെ 8.30 ന് ജില്ലാ പോലീസ് അഡിഷണൽ എസ്പി പി.യു. സുനിൽകുമാർ പതാക ഉയർത്തി. പോലീസ് സേനാംഗങ്ങൾക്ക് സ്വാതന്ത്ര്യദിനാശംസകൾ നേർന്നു. ഡിസിആർബി ഡിവൈഎസ്പി എ. സന്തോഷ്കുമാർ, ഡി എച്ച് ക്യു, വിവിധ യൂണിറ്റുകൾ എന്നിവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കോവിഡ് വെല്ലുവിളികൾ നേരിട്ട് കർത്തവ്യ നിർവഹണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർ, കൂടുതൽ ജാഗ്രതയോടെയും, കോവിഡ് പ്രോട്ടോകോൾ പാലിച്ചും, രാജ്യത്തെയും ജനങ്ങളെയും സേവിക്കണമെന്നുള്ള ജില്ലാപോലീസ് മേധാവിയുടെ സന്ദേശം അഡിഷണൽ എസ്പി പോലീസ് ഉദ്യോഗസ്ഥർക്ക് കൈമാറി.

(പിഎൻപി 3448/20)

**മുതിർന്ന പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കും: ജില്ലാപോലീസ് മേധാവി**

കോവിഡ് പശ്ചാത്തലത്തിൽ വീടുകളിൽ കഴിയുന്ന മുതിർന്ന പൗരന്മാരുടെയും, കുട്ടികളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുമെന്ന് ജില്ലാപോലീസ് മേധാവി കെ.ജി. സൈമൺ പറഞ്ഞു. മുതിർന്ന പൗരന്മാരുമായി ആശയവിനിമയം നടത്തണമെന്ന നിർദേശപ്രകാരം അവരുമായി ഓൺലൈനിൽ സംവദിക്കുകയായിരുന്നു ജില്ലാപോലീസ് മേധാവി. വീടുകളിൽ സംഘർഷവും പ്രശ്നങ്ങളും നേരിടുന്ന വയോജനങ്ങൾക്കും കുട്ടികൾക്കും എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ പോലീസ് സദാ സന്നദ്ധമായിരിക്കും.

മുതിർന്ന പൗരന്മാർ അവരുടെ ആശങ്കകളും പ്രശ്നങ്ങളും പങ്കുവച്ചപ്പോൾ, പോലീസ് എല്ലായ്പോഴും ഒപ്പമു ാവുമെന്നും, ഏതുസമയവും സഹായം ലഭ്യമാക്കുമെന്നും ജില്ലാപോലീസ് മേധാവി ഉറപ്പുനൽകി. ഇക്കാര്യത്തിൽ ശ്രദ്ധ വേണമെന്നും ഉടനടി നടപടി എടുക്കണമെന്നും എസ്എച്ച്ഒമാർക്കും മറ്റു പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദേശം നൽകിയിട്ടു ന്നും ജില്ലാപോലീസ് മേധാവി അറിയിച്ചു.

മുതിർന്ന പൗരന്മാർക്കായുള്ള വിവിധ പോലീസ് സൗകര്യങ്ങളായ പ്രശാന്തി ഹെൽപ് ലൈൻ നമ്പറുകളായ 9497900035, 9497900045 ലേക്കും, ഇആർഎസ്എസ് നമ്പർ 112 ലേക്കും ഏതു സമയവും വിളിക്കാം. കൂടാതെ, pol app എന്ന പോലീസ് മൊബൈൽ ആപ്പും, തുണ വെബ് പോർട്ടൽ സൗകര്യവും ഉപയോഗിക്കാമെന്നും ജനമൈത്രി പോലീസ് സംവിധാനം, പോലീസ് സ്റ്റേഷനുകളിലെ ഹെൽപ്ഡെസ്ക് എന്നിവയും മുതിർന്ന പൗരന്മാരുടെ സേവനത്തിന് എപ്പോഴും ലഭ്യമാണെന്നും ജില്ലാപോലീസ് മേധാവി വ്യക്തമാക്കി.

ഓൺലൈൻ ആശയവിനിമയ പരിപാടിയിൽ അഡിഷണൽ എസ്പി പി.യു. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജനമൈത്രി പോലീസ് ജില്ലാ നോഡൽ ഓഫീസർ ആർ. സുധാകരൻപിള്ള സ്വാഗതവും, അസിസ്റ്റന്റ് നോഡൽ ഓഫീസർ എ. ബിനു നന്ദിയും പറഞ്ഞു. ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള 40 ഓളം മുതിർന്ന പൗരന്മാരും, ബീറ്റ് ഓഫീസർമാർ തുടങ്ങിയവരും പങ്കാളികളായി. (പിഎൻപി 3449/20)

**ഹാൻഡിൽ വിത്ത് കെയർ പദ്ധതി വരുന്നു;**
**ലോഗോ പ്രകാശനം ചെയ്തു**

കോവിഡ് ജാഗ്രത ശക്തമാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന ഹാൻഡിൽ വിത്ത് കെയർ പദ്ധതിയുടെ ലോഗോ വീണാ ജോർജ് എംഎൽഎ പ്രകാശനം ചെയ്തു. കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ വീണാ ജോർജ് എംഎൽഎ ജില്ലാ കളക്ടർ പി.ബി. നൂഹിൽ നിന്ന് ലോഗോ ഏറ്റുവാങ്ങി.

ജില്ലയിലെ കോവിഡ് പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 10 വയസിൽ താഴെയുള്ള കുട്ടികളേയും 60 വയസിന് മുകളിൽ പ്രായമുള്ളവരുടേയും സുരക്ഷയെ മുൻനിർത്തി രോഗവ്യാപനത്തിന്റെ തീവ്രതയും അവയ്ക്കെതിരെയുള്ള മുൻകരുതലുകളും സംബന്ധിക്കുന്ന വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി ജില്ലാ ഭരണകൂടം ആവിഷ്ക്കരിച്ച പദ്ധതിയാണ് ഹാൻഡിൽ വിത്ത് കെയർ.

കോവിഡ് ജാഗ്രത ശക്തമാക്കുന്നതിനുള്ള വലിയ ഇടപെടലാണ് ഹാൻഡിൽ വിത്ത് കെയർ പദ്ധതിയെന്ന് വീണാ ജോർജ് എംഎൽഎ പറഞ്ഞു. കോവിഡ് ജാഗ്രതയുമായി ബന്ധപ്പെട്ട എന്തു തരം ആവിഷ്കാരവും പ്രദർശിപ്പിക്കാനുള്ള വേദിയാണിത്. എൻഎസ്എസ് വോള ിയേഴ്സ്, നെഹ്റു യുവകേന്ദ്ര, സന്നദ്ധ സേന എന്നിവരുടെ സഹകരണത്തോടെ ജില്ലാ ഭരണകൂടമാണ് പദ്ധതി നടപ്പാക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ആവിഷ്ക്കാരങ്ങൾക്ക് സമ്മാനങ്ങളുമു ന്ന് എംഎൽഎ പറഞ്ഞു.

പത്തു വയസിൽ താഴെയുവരേയും, അറുപതു വയസിനു മുകളിലുള്ളവരേയും പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിച്ച് ഇവരുടെ പൊതു ജനസമ്പർക്കം പരമാവധി കുറയ്ക്കുകയും അതേസമയം വീടുകളിൽ സജീവമായിരുന്ന് അവരുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി സ്വാതന്ത്ര്യം തിരിച്ചുപിടിക്കാം പോരാട്ടം തുടരാം എന്ന വിഷയത്തിൽ പോസ്റ്റർ മേക്കിംഗ്, സാമൂഹ്യ വ്യാപനം തടയാൻ എന്ന വിഷയത്തിൽ പ്രസംഗ മത്സരം, ദേശഭക്തിഗാനാലാപനം തുടങ്ങിയവ സംഘടിപ്പിക്കും. ഓഗസ്റ്റ് 17 ന് വൈകിട്ട് അഞ്ചു വരെ ഇവ അയച്ചു നൽകാം.മത്സര ഇനങ്ങളുടെ ഫോട്ടോയും വീഡിയോയും covidiecpta@gmail.com എന്ന മെയിൽ ഐഡിയിലേക്കും, 9188293118 എന്ന വാട്സാപ്പ് നമ്പരിലും നൽകാം.

ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രായഭേദമന്യേ എല്ലാവർക്കും തങ്ങളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ പദ്ധതി അവസരമൊരുക്കും. അതിനായി ഫേസ്ബുക്ക് പേജും ഹാൻഡിൽ വിത്ത് കെയർ ഐ ഇ സി കാമ്പയിൻ എന്ന യൂട്യൂബ് ചാനലും തുടങ്ങിക്കഴിഞ്ഞു. യൂട്യൂബ് ചാനലിൽ സർഗാത്മക സൃഷ്ടികൾ അപ്ലോഡ് ചെയ്യും. തിങ്കളാഴ്ച മുതൽ യൂട്യൂബ് ചാനൽ പ്രവർത്തനം ആരംഭിക്കും. അസിസ്റ്റന്റ് കളക്ടർ വി. ചെൽസാസിനി, ഐഇസി കാമ്പയിൻ നോഡൽ ഓഫീസർ ആർ. ശ്രീരാജ് എന്നിവർ പങ്കെടുത്തു.

(പിഎൻപി 3450/20)

**ശുചിത്വപദവി നേടി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

സർക്കാരിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ആദ്യ ഘട്ടത്തിൽ ജില്ലയിൽ നിന്നും 22 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ പദവി നേടി. സ്വാതന്ത്ര്യദിനത്തിൽ ജില്ലയിലെ തുമ്പമൺ, കുളനട, ഓമല്ലൂർ, മെഴുവേലി, മലയാലപ്പുഴ, ഏറത്ത് എന്നീ ഗ്രാമ പഞ്ചായത്തുകൾ ശുചിത്വ പദവി പ്രഖ്യാപനം നടത്തി. ഹരിത കേരളം മിഷന്റെ ഉപമിഷൻ ആയ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ മികവ് പുലർത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് സർക്കാർ ശുചിത്വ പദവി നൽകി യത്.

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് സഖറിയ വർഗീസ്, കുളനട ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് അശോകൻ കുളനട, ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് ഗീത വിജയൻ, മെഴുവേലി ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് എൻ.ഗോപാലകൃഷ്ണൻ, ഏറത്ത് ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് ഷൈല റെജി, മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ കെ. ജയലാൽ എന്നിവരാണ് ശുചിത്വ പദവി പ്രഖ്യാപനം നടത്തിയത്.

**തുമ്പമൺ ഗ്രാമപഞ്ചായത്ത്**

സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് നടന്ന ശുചിത്വ പദവി പ്രഖ്യാപന യോഗം ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ. രാജേഷ് ഉദ്ഘാടനം ചെയ്തു. ശുചിത്വ പദവി കൈവരിക്കുന്നതിൽ രാജ്യത്തിന് തന്നെ മാതൃകയാണ് തുമ്പമൺ ഗ്രാമപഞ്ചായത്തെന്നും ഇതിന് ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് ഹരിത കർമ്മ സേനാംഗങ്ങളാണെന്നും ജില്ലാ കോ-ഓർഡിനേറ്റർ പറഞ്ഞു.

തുമ്പമണ്ണിനെ ശുചിത്വ ഗ്രാമ പഞ്ചായത്തായി പ്രസിഡന്റ് സഖറിയാ വർഗീസ് പ്രഖ്യാപിച്ചു. പഞ്ചായത്തിനോട് ചേർന്നുള്ള സ്ഥലത്ത് പ്രസിഡന്റ് വൃക്ഷത്തൈ നട്ടു.

പഞ്ചായത്ത് മെമ്പർമാർ, ഓഫീസർമാർ, ഹരിത കർമ സേനാംഗങ്ങൾ, ഹരിത കേരളം മിഷൻ വൈപി അഞ്ജന എന്നിവർ പങ്കെടുത്തു.

**മെഴുവേലി ഗ്രാമപഞ്ചായത്ത്**

മെഴുവേലി ഗ്രാമപഞ്ചായത്ത് ശുചിത്വ പദവി പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ. ഗോപാലകൃഷ്ണക്കുറുപ്പ് നിർവഹിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ ദേശീയ പതാക ഉയർത്തിയ ശേഷം പ്രതിജ്ഞ ചൊല്ലിയാണ് ശുചിത്വ പദവി പ്രഖ്യാപിച്ചത്. മെമ്പർമാർ, അസിസ്റ്റന്റ് സെക്രട്ടറി, ഹരിതകേരളം മിഷൻ ആർപി മായ മോഹൻ, വൈപി ആഷ്ന നാസർ എന്നിവർ പങ്കെടുത്തു.

**ഏറത്ത് ഗ്രാമപഞ്ചായത്ത്**

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന യോഗത്തിൽ ഏറത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷൈല റെജി ശുചിത്വ പദവി പ്രഖ്യാപനം നടത്തി. തുടർന്ന് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ മുറ്റത്ത് ഫലവൃക്ഷ തൈ നട്ടു. മാലിന്യം ശേഖരിക്കുമ്പോൾ അണുനശീകരണം ചെയ്യാനായി ഹരിത കർമ സേന അംഗങ്ങൾക്ക് പ്രസിഡന്റ് സ്പ്രെയർ നൽകി. വൈസ് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി എഇ, ഓവർസിയർ, വിഇഒ, മറ്റു വാർഡ് മെമ്പർമാർ, ഹരിത കർമ സേന അംഗങ്ങൾ, ഹരിത കേരളം മിഷൻ ആർപി ആതിര ഓമനക്കുട്ടൻ, വൈപി അഭിരാമി എന്നിവർ പങ്കെടുത്തു.

**കുളനട പഞ്ചായത്ത്**

ശുചിത്വ പദവി ഔദ്യോഗിക പ്രഖ്യാപനം പഞ്ചായത്ത് പ്രസിഡന്റ് അശോകൻ കുളനട നിർവഹിച്ചു. ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേ റ്റർ ആർ. രാജേഷ് മുഖ്യ പ്രഭാഷണം നടത്തി. ജനപ്രതിനിധികൾ, ഹരിത കേരളമിഷൻ ആർപി കെ. രാധാകൃഷ്ണൻ, വൈപി ഷൈനി, ഹരിത സഹായ സ്ഥാപനം പ്രതിനിധി അനുജ, ജയകുമാർ, സന്തോഷ്, ശ്രീജിത്ത്, ഹരിത കർമ്മസേന പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ഓമല്ലൂർ ഗ്രാമപഞ്ചായത്ത്**

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ശുചിത്വ പദവി പ്രഖ്യാപനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാ വിജയൻ നിർവഹിച്ചു.

ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കെ. ഇ. വിനോദ് കുമാർ വിശിഷ്ട അതിഥിയായി പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് പുതിയ പണി കഴിപ്പിച്ച തുമ്പൂർമുഴി മാതൃകയുടെ ഉദ്ഘാടനം, വൃക്ഷ തൈ നടീൽ എന്നിവ പ്രസിഡന്റ് നിർവഹിച്ചു.

പഞ്ചായത്ത് മെമ്പർമാർ, സെക്രട്ടറി, വിഇഒ, ഹരിതകേരളം മിഷൻ ആർപി ഗോകുൽ, ഹരിതസഹായ സ്ഥാപന പ്രതിനിധി ജയകുമാർ, ഹരിതകർമ സേന അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്**

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ സ്വാതന്ത്ര്യ ദിനത്തിൽ ദേശീയ പതാക ഉയർത്തിയ ശേഷം ശുചിത്വ പദവി പ്രഖ്യാപനം പ്രസിഡന്റ് കെ. ജയലാൽ നിർവഹിച്ചു. ജനപ്രതിനിധികൾ, ഹരിത കേരളം മിഷൻ ആർപി എം.കെ. ഷിറാസ്, വൈപി ആതിര എന്നിവർ പങ്കെടുത്തു.

(പിഎൻപി 3451/20)

**നരിപ്പൻകുഴി തോട് വീ ടുപ്പ് ആരംഭിച്ചു**

മണിമലയാറിന്റെ കൈവഴിയായ നരിപ്പൻകുഴി തോട് വീ ടുപ്പ് ആരംഭിച്ചു.

മല്ലപ്പള്ളി തിരുമാലിട ക്ഷേത്രം മുതൽ ആരംഭിക്കുന്ന നരിപ്പൻ കുഴി തോടിന് ഏകദേശം 600 മീറ്റർ നീളമു ്. അതിൽ നീരൊഴുക്ക് തടസപ്പെട്ട 140 മീറ്ററോളം ഭാഗത്തു നിന്ന് 65 മീറ്റർ വീ ടുത്തു. ഹരിത കേരളം മിഷനും എന്റെ മണിമലയാർ ജനകീയ സമിതിയും തോട് പുനർജനി സമിതിയും സംയുക്തമായാണ് വീ ടുപ്പിന് നേതൃത്വം നൽകുന്നത്.

എന്റെ മണിമലയാർ ചെയർമാൻ ഡോ.എൻ ജയരാജ് എംഎൽഎ നരിപ്പൻകുഴി തോട് വീ ടുപ്പ് ഉദ്ഘാടനം ചെയ്തു.മാത്യു ടി തോമസ് എംഎൽഎ മുഖ്യാതിഥിയായിരുന്നു. ഗ്രാമപഞ്ചായത്തംഗം ജോസഫ് ഇമ്മാനുവേൽ അധ്യക്ഷത വഹിച്ചു. എന്റെ മണിമലയാർ കോ-ഓർഡിനേറ്ററും ജില്ലാ പഞ്ചായത്തംഗവുമായ എസ് വി സുബിൻ പദ്ധതി അവതരിപ്പിച്ചു. മണർകാട് സെന്റ്. മേരീസ് കോളജ് പ്രിൻസിപ്പൽ ഡോ. പുന്നൻ കുര്യൻ വെങ്കിടത്ത് നദീ സംരക്ഷണ സന്ദേശം നൽകി.

ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ. രാജേഷ്, ബാബു പാലയ്ക്കൽ, കെ.കെ. സുകുമാരൻ, സണ്ണി ജോൺസൺ, ജോർജുകുട്ടി പരിയാരം, എം. കെ. സതീഷ് കുമാർ മണിക്കുഴി, ആൽഫിൻ ഡാനി, ജോയേഷ് പോത്തൻ, ടി.കെ. ഗിരീഷ് പൂവേലിമല, ജിജു വൈക്കത്തുശേരി, ആശിഷ് തമ്പി, അരുൺ കുമാർ, സുധീഷ് കുമാർ, അനിൽ വറുഗീസ് പരിയാരം, സുജിത് പരിയാരം, ജയകുമാർ കൂടത്തിങ്കൽ എന്നിവർ പങ്കെടുത്തു.

(പിഎൻപി 3452/20)

**ഫോട്ടോ അടിക്കുറിപ്പ് ഹാൻഡിൽ വിത്ത് കെയർ-**

ഹാൻഡിൽ വിത്ത് കെയർ പദ്ധതി വീണാ ജോർജ് എംഎൽഎ ലോഗോ ജില്ലാ കളക്ടർ പി.ബി. നൂഹിൽ നിന്ന് ഏറ്റുവാങ്ങി പ്രകാശനം ചെയ്യുന്നു.

**ഫോട്ടോ അടിക്കുറിപ്പ്- പോലീസ്-**

സ്വാതന്ത്ര്യദിനത്തിൽ പത്തനംതിട്ട ജില്ലാപോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് അഡിഷണൽ എസ്പി പി.യു. സുനിൽകുമാർ ദേശീയ പതാക ഉയർത്തുന്നു.

**ഫോട്ടോ അടിക്കുറിപ്പ്- നരിപ്പൻകുഴി തോട് -**

മണിമലയാറിന്റെ കൈവഴിയായ നരിപ്പൻകുഴി തോട് വീ ടുപ്പ് ഡോ. എൻ. ജയരാജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. മാത്യു ടി തോമസ് എംഎൽഎ സമീപം.






OFFICE OF THE DISTRICT POLICE CHIEF
PATHANAMTHITTA
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം
जिला पुलिस कार्यालय

**പത്തനംതിട്ട ജില്ല**
**കോവിഡ്19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 16.08.2020**

**...............................................................................**

പത്തനംതിട്ട ജില്ലയിൽ ഇന്ന് (16) 44 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ നാലു പേർ വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവരും, ഏഴു പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 33 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്.

വിദേശത്തുനിന്ന് വന്നവർ
1) സൗദിയിൽ നിന്നും എത്തിയ പള്ളിക്കൽ സ്വദേശി (58).
2) ദുബായിൽ നിന്നും എത്തിയ കൊടുമൺ ഈസ്റ്റ് സ്വദേശി (40).
3) സൗത്ത് ആഫ്രിക്കയിൽ നിന്നും എത്തിയ പാലയ്ക്കാത്തകിടി സ്വദേശി (50).
4) ദുബായിൽ നിന്നും എത്തിയ വെട്ടൂർ സ്വദേശി (31).

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നവർ
5) ബാംഗ്ലൂരിൽ നിന്നും എത്തിയ മാരാമൺ സ്വദേശി (23).
6) വിജയവാഡയിൽ നിന്നും എത്തിയ ഓമല്ലൂർ സ്വദേശി (57)
7) തമിഴ്നാട്ടിൽ നിന്നും എത്തിയ കോന്നി സ്വദേശി (43).
8) ഹൈദരാബാദിൽ നിന്നും എത്തിയ പൂഴിക്കാട് സ്വദേശി (22)
9) ജമ്മുവിൽ നിന്നും എത്തിയ തുമ്പമൺ നോർത്ത് സ്വദേശി (38).
10) ബാംഗ്ലൂരിൽ നിന്നും എത്തിയ ഇരവിപേരൂർ സ്വദേശിനി (24)
11) ഹൈദരാബാദിൽ നിന്നും എത്തിയ തിരുവല്ല സ്വദേശി (25)

സമ്പർക്കം മുഖേന രോഗം ബാധിച്ചവർ
12) കോന്നി, എലിയറയ്ക്കൽ സ്വദേശിനി ഷഹർബാൻ ബീവി (53) കോട്ടയം മെഡിക്കൽ കോളജിൽ വച്ച് ഓഗസ്റ്റ് 15ന് രാത്രി 11 ന് മരണമടഞ്ഞു. അടൂരിൽ രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
13) കല്ലൂപ്പാറ സ്വദേശിനി (68). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
14) കല്ലൂപ്പാറ സ്വദേശിനി (56). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
15) കല്ലൂപ്പാറ സ്വദേശി (12). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
16) കല്ലൂപ്പാറ സ്വദേശിനി (2). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
17) കല്ലൂപ്പാറ സ്വദേശി (10). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
18) കല്ലൂപ്പാറ സ്വദേശിനി (36). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
19) കുറ്റൂർ സ്വദേശിനി (56). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
20) ഇലന്തൂർ, പരിയാരം സ്വദേശിനി (67). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
21) പ്രമാടം സ്വദേശി (32). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
22) പ്രമാടം സ്വദേശിനി (86). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
23) മങ്ങാരം സ്വദേശിനി (33). പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകയാണ്. അവിടെ നിന്നും രോഗം സ്ഥിരീകരിച്ചു.
24) മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് സ്വദേശിനി (58). മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
25) മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് സ്വദേശി (63). മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
26) മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് സ്വദേശി (45). മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
27) മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് സ്വദേശിനി (57). മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
28) മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് സ്വദേശി (49). മലയാലപ്പുഴ, കുമ്പഴ എസ്റ്റേറ്റ് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
29) തേക്കുതോട് സ്വദേശി (40). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
30) അടൂർ സ്വദേശി (24). അടൂർ, കണ്ണംകോട് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
31) അടൂർ സ്വദേശിനി (61). അടൂർ, കണ്ണംകോട് ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
32) പന്തളം, പൂഴിക്കാട് സ്വദേശി (36). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
33) നെല്ലിക്കാല സ്വദേശിനി (33). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
34) കോഴഞ്ചേരി സ്വദേശി (37). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
35) ഇലന്തൂർ, പരിയാരം സ്വദേശി (24). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ

ഉള്ളതാണ്.
36) വായ്പ്പൂർ സ്വദേശി (69). സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
37) നിരണം സ്വദേശിനി (55). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
38) നിരണം സ്വദേശിനി (5). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
39) നിരണം സ്വദേശി (7). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
40) വള്ളംകുളം സ്വദേശിനി (4). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
41) വള്ളംകുളം സ്വദേശി (43). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
42) വള്ളംകുളം സ്വദേശിനി (23). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
43) തിരുവൻവൂർ സ്വദേശിനി (48). റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ആരോഗ്യപ്രവർത്തകയാണ്. മുൻപ് രോഗബാധിതയായ ആരോഗ്യപ്രവർത്തകയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
44) ഇരവിപേരൂർ സ്വദേശിനി (29). മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.

കൂടാതെ എറണാകുളം ജില്ലയിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ ആയിരുന്ന ര് പത്തനംതിട്ട സ്വദേശികളെ ജില്ലയുടെ ലിസ്റ്റിലേയ്ക്ക് മാറ്റിയിട്ടു്.

ജില്ലയിൽ ഇതുവരെ ആകെ 2053 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു്. ഇതിൽ 998 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ നാലു പേർ മരണമടഞ്ഞു. കൂടാതെ കോവിഡ് ബാധിതനായ ഒരാൾ കാൻസർ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞിട്ടു്.

ജില്ലയിൽ ഇന്ന് 46 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 1748 ആണ്.

പത്തനംതിട്ട ജില്ലക്കാരായ 300 പേർ രോഗികളായിട്ടു്. ഇതിൽ 259 പേർ ജില്ലയിലും, 11 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 87 പേരും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 28 പേരും, അടൂർ ജനറൽ ആശുപത്രിയിൽ ഒരാളും, റാന്നി മേനാംതോട്ടം സിഎഫ്എൽടിസി യിൽ 69 പേരും, പന്തളം അർച്ചന സിഎഫ്എൽടിസിയിൽ 25 പേരും, കോഴഞ്ചേരി മുത്തൂറ്റ് നഴ്സിംഗ് കോളജ് സിഎഫ്എൽടിസിയിൽ 75 പേരും, തിരുവല്ല ഹോളി സ്പിരിറ്റ് കോൺവെന്റിൽ ഒരാളും ഐസൊലേഷനിൽ ഉ്.

സ്വകാര്യ ആശുപത്രികളിൽ എട്ടു പേർ ഐസൊലേഷനിൽ ഉ്. ജില്ലയിൽ ആകെ 294 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്. ഇന്ന് പുതിയതായി 49 പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. ജില്ലയിൽ 5594 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 1440 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 1673 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 101 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 210 പേരും ഇതിൽ ഉൾപ്പെടുന്നു. ആകെ 8707 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:
1) ദൈനംദിന പരിശോധന (ആർടിപിസിആർ ടെസ്റ്റ്) 45093, 0, 45093.
2) ട്രൂനാറ്റ് പരിശോധന 1197, 0, 1197.
3) റാപ്പിഡ് ആന്റിജൻ പരിശോധന 4641, 11, 4652.
4) റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.

ആകെ ശേഖരിച്ച സാമ്പിളുകൾ 51416, 11, 51427.

469 സാമ്പിളുകളുടെ ഫലം ലഭിക്കാനു്.

ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.19 ശതമാനമാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 29 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 86 കോളുകളും ലഭിച്ചു. ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1244 കോളുകൾ നടത്തുകയും, 11 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു.

അടൂർ, കണ്ണംകോട് ലിമിറ്റഡ് കമ്മ്യൂണിറ്റി ക്ലസ്റ്ററായതായി പ്രഖ്യാപിച്ചു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.